**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **07-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ തകർച്ച നേരിടുന്ന പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തകർച്ച നേരിടുന്ന വയനാട് ജില്ലയിലെ പാലങ്ങളുടെ വിവരം പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഉണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1. ചൂരൽമല പാലം (കൽപ്പറ്റ നിയോജക മണ്ഡലം). 2. പനമരം - ചെറുപുഴ പാലം (മാനന്തവാടി നിയോജക മണ്ഡലം) 3. കരിന്തിരിക്കടവ് പാലം (മാനന്തവാടി നിയോജക മണ്ഡലം) 4. നായ്ക്കട്ടി പാലം (മാനന്തവാടി നിയോജക മണ്ഡലം) 5. 41-ാം മൈൽ പാലം (മാനന്തവാടി നിയോജക മണ്ഡലം) 6. ബാവലി പാലം (മാനന്തവാടി നിയോജക മണ്ഡലം) 7. ആനപ്പാറ പാലം (സുൽത്താൻ ബത്തേരി നിയോജക മണ്ഡലം) 8. മുട്ടിൽ പാലം 9. കെല്ലൂർ പാലം |
| (സി) | ഇത്തരത്തിൽ തകർച്ച നേരിടുന്ന പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. 1.ചൂരൽമല പാലം - ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. 2. പനമരം - ചെറുപുഴ പാലം - പദ്ധതിയുടെ 10 കോടി രൂപയുടെ ഡി.പി.ആർ. നബാർഡ് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. 3. കരിന്തിരിക്കടവ് പാലം - പാലത്തിന്റെ ഡിസൈൻ ലഭിച്ചു. ബഡ്ജറ്റ് വിഹിതം ഇല്ല. പുനർനിർമ്മാണമായതിനാൽ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 4. നായ്ക്കട്ടി പാലം - പാലത്തിന്റെ ഡിസൈൻ ലഭിച്ചു. ബഡ്ജറ്റ് വിഹിതം ഇല്ല. പുനർ നിർമ്മാണമായാതിനാൽ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 5. 41ാം മൈൽ പാലം - പാലത്തിന്റെ ഡിസൈൻ രൂപകൽപ്പന വിഭാഗത്തിൽ നടന്നു വരുന്നു. 6. ബാവലി പാലം - പാലത്തിന്റെ ഡിസൈൻ ലഭിച്ചു. ബഡ്ജറ്റ് വിഹിതം ഇല്ല. പുനർനിർമ്മാണമായാതിനാൽ ഭരണാനുമതിക്കായി |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 7. ആനപ്പാറ പാലം - പാലത്തിന്റെ ഡിസൈൻ രൂപകൽപന വിഭാഗത്തിൽ നടന്നു വരുന്നു. ദേശീയപാത 766 ലെ മുട്ടിൽപാലത്തിന്റെ തകർന്ന കൈവരികളും പാർശ്വഭിത്തികളും പുനർനിർമ്മിച്ചിട്ടുണ്ട്. കെല്ലൂർ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി MORTH - നു സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ